**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**

**ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in**

**ഇ-മെയിൽ: dhskerala@gmail.com, dhskerala.hsd@kerala.gov.in**

---

നം: **ഇ.എസ് 6-223/2026/ആവഡ** തീയതി: **13-01-2026**

**<u>സർക്കുലർ</u>**

വിഷയം:- ആവഡ - സ്പെഷ്യാലിറ്റി കേഡർ **31.12.2025** വരെ സേവനത്തിൽ പ്രവേശിക്കുകയും പ്രസ്തുത കാലയളവിൽ ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി സ്പെഷ്യാലിറ്റിയിൽ പി.ജി ഡിഗ്രി/ഡിപ്ലോമ യോഗ്യത നേടുകയും ചെയ്ത ഡോക്ടർമാരിൽ നിന്നുള്ള ഓപ്ഷൻ ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) ജി.ഒ(പി) നം.**69/2010**/ആകുവ തീയതി **17.02.2010.**

2) ജി.ഒ(പി) നം.**52/2022**/ആകുവ തീയതി **27.09.2022.**

3) നം. എ**2/220/2022**/ആകുവ തീയതി **19.05.2023.**

**31.12.2025** വരെ സേവനത്തിൽ പ്രവേശിച്ച് പ്രസ്തുത കാലയളവിൽ ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി സ്പെഷ്യാലിറ്റിയിൽ പി.ജി ഡിഗ്രി/ഡിപ്ലോമ യോഗ്യത നേടിയിട്ടുള്ള ജനറൽ/അഡ്മിനിസ്ട്രേറ്റീവ് കേഡറിന് കീഴിൽ പ്രവർത്തിക്കുന്ന (സൂചന **1, 2** സ്പെഷ്യൽ റൂളിലെ നിബന്ധനകൾക്ക് വിധേയമായി) ഡോക്ടർമാരിൽ നിന്ന് ഒബ്സ്റ്റട്രിക്സ് &

ഗൈനക്കോളജി സ്പെഷ്യാലിറ്റി കേഡറിലേക്ക് ഓപ്ഷൻ ക്ഷണിക്കാൻ തീരുമാനിച്ചിരിക്കുന്നു.

2. **ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നിർദ്ദിഷ്ട പ്രൊഫോർമയിൽ ഓപ്ഷൻ സമർപ്പിക്കേണ്ടതാണ്.** മുൻ വർഷങ്ങളിൽ ഓപ്ഷൻ സമർപ്പിച്ച് പ്ലേസ്മെന്റ് ലഭിക്കാത്തവർ പുതിയ ഓപ്ഷൻ സമർപ്പിക്കേണ്ടതില്ല. ഇപ്പോൾ സ്പെഷ്യാലിറ്റി കേഡറിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി നോക്കുന്ന ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി വിഭാഗത്തിലെ ഡോക്ടർമാരും ഓപ്ഷൻ സമർപ്പിക്കേണ്ടതാണ്.

3. ഓപ്ഷൻ സമർപ്പിക്കുന്ന ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി വിഭാഗത്തിലെ ഡോക്ടർമാർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, റ്റി.സി.എം.സി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, സർവ്വീസ് റെഗുലറൈസേഷൻ, പ്രൊബേഷൻ ഡിക്ലറേഷൻ എന്നിവയുടെ ഉത്തരവിന്റെ പകർപ്പ് ഇവ നൽകേണ്ടതാണ്. പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കാത്ത ഡോക്ടർമാർക്കും അവരുടെ ഓപ്ഷനുകൾ സമർപ്പിക്കാം. സൂചന 3 പ്രകാരമുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രൊബേഷൻ പൂർത്തീകരിച്ചവരെയും പൂർത്തീകരിച്ചിട്ടില്ലാത്ത വരെയും ചേർത്ത് ഒരു പൊതു ലിസ്റ്റാണ് തയ്യാറാക്കുന്നത്.

4. 2010 ലെ കേരള ഹെൽത്ത് സർവ്വീസസ് (മെഡിക്കൽ ഓഫീസർമാർ) സ്പെഷ്യൽ റൂൾ 6 അനുസരിച്ച് ഒരിക്കൽ ഓപ്ഷൻ സമർപ്പിച്ചാൽ ആയത് അന്തിമമായിരിക്കും.

5. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും (ആരോഗ്യം) ഡോക്ടർമാർ സമർപ്പിച്ച ഓപ്ഷൻ ഫോമുകൾ ശേഖരിച്ച് 17.01.2026 നോ അതിന് മുൻപോ ഈ ഓഫീസിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

Signed by
Reena K J
Date: 13-01-2026 21:15:18

**ആരോഗ്യ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യം) - (ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)
2. എല്ലാ സർക്കാർ ആശുപത്രി സൂപ്രണ്ട്/മെഡിക്കൽ ഓഫീസർമാർക്കും - (ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
4. ഫയൽ/കരുതൽ ഫയൽ